# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 683** 28.02.2017-ൽ **മറുപടിക്ക്**

## ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. ശശി: | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതകുറുശ്ശി സെക്ഷൻ ഓഫീസുകളിലേക്ക് ജീപ്പ് ഓടുന്നതിനു വേണ്ടിയുള്ള ടെണ്ടറിലെ അഴിമതികളും, ടെണ്ടർ പരസ്യം മേഖലയിലെ പ്രചാരമുള്ള മുഖ്യ മലയാളം പത്രങ്ങളിൽ നൽകാതെയും, അറിഞ്ഞവർ നൽകിയ ക്വട്ടേഷനുകളിൽ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തവർക്ക് നൽകുകയും ചെയ്തതു സംബന്ധിച്ച് ശ്രീ കെ. പി. സുധീർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് വിജിലൻസ് ഓഫീസർ തുടങ്ങിയവർക്കു നൽകിയ പരാതിയി ന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു | (എ) | ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലേയ്ക്ക് ടാക്സി ജീപ്പ് കരാർ അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ദർഘാസ് 10.09.2016-ലെ 'മാധ്യമം' ദിനപത്രത്തിൽ പരസ്യം ചെയ്തിരുന്നു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി സെക്ഷൻ ഓഫീസുകളിലേയ്ക്ക് ജീപ്പ് ഓടുന്നതിനു വേണ്ടിയുള്ള ടെൻഡറിലെ അഴിമതികളെ കുറിച്ച് ശ്രീ. കെ.പി. സുധീർ, കെ.എസ്. ഇ.ബി. ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസർക്ക് നൽകിയ പരാതി യിന്മേൽ അന്വേഷണം നടന്നുവരികയാണ്. ആയത് പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത ടെണ്ടർ നൽകാനായി എത്ര പേർ ഫാറം വാങ്ങി; എത്ര തുക നിരക്കുകളായി അവർ രേഖപ്പെടുത്തി;അവർ ആരെല്ലാം എന്നും ടെണ്ടർ ഫാറം വാങ്ങിയതിലും സമർപ്പിച്ചവരിലുമായി ആരെയൊക്കെ ഒഴിവാക്കി എന്നും അതിന് കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ബി) | വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ സെക്ഷൻ ഓഫീസുകളിലേയ്ക്ക് മൂന്ന് പേർ വീതം ടെണ്ടർ ഫോം വാങ്ങി, ടെണ്ടറിൽ നിന്നും ആരെയും ഒഴിവാക്കിയിരുന്നില്ല. ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ സെക്ഷൻ ഓഫീസുകളിലേയ്ക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾ ടെണ്ടർ നിബന്ധന പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാതിരുന്നതിനാൽ റീ-ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ച് ഉത്തരവിട്ടു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ചുരുങ്ങിയ സംഖ്യക്ക് വാഹനം നൽകാൻ തയ്യാറായ വ്യക്തിയെ ഒഴിവാക്കിയതു മൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടായ നഷ്ടം എത്ര എന്നും പ്രസ്തുത നഷ്ടം ടെണ്ടർ അംഗീകരിച്ചു നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനും മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) | വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷം റിപ്പോർട്ടിലെ ശുപാർശകളുടേയും പരാതിക്കാധാരമായ വിഷയത്തിൽ ശ്രീ. രഞ്ജിത്ത് ആർ., രശ്മി നിലയം, അമ്പലവട്ടം, പനമണ്ണ - 679 501 എന്ന ആൾ കൊടുത്ത ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ വിധിയ്ക്കനുസരിച്ചും ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇപ്പോൾ ഉറപ്പിച്ചു നൽകിയതും പരാതിക്കാധാരമായതുമായ ടെണ്ടർ റദ്ദാക്കാനും പുതിയ ടെണ്ടർ ക്ഷണിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലാഭകരമായ തരത്തിൽ ടെണ്ടർ ഉറപ്പിക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**വാണിയംകുളം**

| **ടെണ്ടർ ഫോം വാങ്ങിയവർ** | **രേഖപ്പെടുത്തിയ നിരക്ക്** | **മറ്റ് വിവരങ്ങൾ** |
|---|---|---|
| ജയരാജ്,<br>S/o. സി.എൻ. നായർ,<br>മിഷൻ കോമ്പൌണ്ട്,<br>വാണിയംകുളം, ഒറ്റപ്പാലം | 1500 കിലോമീറ്ററിന് 12 രൂപ/കിലോമീറ്റർ | ആവശ്യമായ വാഹന രേഖകൾ എല്ലാം സമർപ്പിച്ചിരുന്നു. ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം 11.90 കിലോമീറ്റർ നിരക്കിൽ ഓടാൻ സമ്മതിച്ചു കൊണ്ട് കരാർ ഒപ്പുവച്ചു. |
| ശിവപ്രസാദ് എം.,<br>മാരിയിൽ (ഹൌസ്),<br>പാവക്കോണം,<br>വാണിയംകുളം,<br>പിൻകോഡ് – 679 522. | 1500 കിലോമീറ്ററിന് 12.50 രൂപ/ കിലോമീറ്റർ | |
| നിതിൻ ദാസ് ടി.,<br>തണിശ്ശേരി ഹൌസ്,<br>കുനത്തറ – 679 523. | | ടെണ്ടർ സമർപ്പിച്ചില്ല |

**ഷൊർണ്ണൂർ**

| **ടെണ്ടർ ഫോം വാങ്ങിയവർ** | **രേഖപ്പെടുത്തിയ നിരക്ക്** | **മറ്റ് വിവരങ്ങൾ** |
|---|---|---|
| രഞ്ജിത്ത് ആർ.,<br>രശ്മി നിലയം,<br>അമ്പലവട്ടം,<br>പനമണ്ണ – 679 501 | 2000 കിലോമീറ്ററിന് 9.69 രൂപ/ കിലോമീറ്റർ | വാഹന രേഖകളോടൊപ്പം സമ്മതപത്രം സമർപ്പിച്ചിരുന്നില്ല. |
| അനിൽ ഇ.,<br>[illegible]ക്കുന്നത്ത് (ഹൌസ്),<br>ചെറുകാട്ടുകളം,<br>വാണിയംകുളം (പി.ഒ.),<br>ഒറ്റപ്പാലം | 2000 കിലോമീറ്ററിന് 11.40 രൂപ/ കിലോമീറ്റർ | |
| അജിത്ത് ഇ.,<br>അതുല്യ വിഹാർ,<br>പുലച്ചിത്ര (പി.ഒ.),<br>വാണിയംകുളം. | 2000 കിലോമീറ്ററിന് 11.40 രൂപ/ കിലോമീറ്റർ | |

**കോതക്കുറിശ്ശി**

| ടെണ്ടർ ഫോം വാങ്ങിയവർ | രേഖപ്പെടുത്തിയ നിരക്ക് | മറ്റ് വിവരങ്ങൾ |
|---|---|---|
| രഞ്ജിത്ത് ആർ.,<br>രശ്മി നിലയം,<br>അമ്പലവട്ടം,<br>പനമണ്ണ – 679 501 | 1750 കിലോമീറ്ററിന് 8.49 രൂപ/ കിലോമീറ്റർ | വാഹന രേഖകളോടൊപ്പം ആർ.സി. ഉടമസ്ഥന്റെ സമ്മതപത്രം സമർപ്പിച്ചിരുന്നില്ല. |
| ശിവപ്രസാദ് എം.,<br>മാരിയിൽ (ഹൌസ്),<br>പാവക്കോണം,<br>വാണിയംകുളം,<br>പിൻകോഡ് – 679 522. | 1750 കിലോമീറ്ററിന് 9.90 രൂപ/ കിലോമീറ്റർ | |
| ജയരാജ്,<br>S/o. സി.എൻ. നായർ,<br>മിഷൻ കോമ്പൌണ്ട്,<br>വാണിയംകുളം, ഒറ്റപ്പാലം. | 1500 കിലോമീറ്ററിന് 11 രൂപ/കിലോമീറ്റർ | |

Hemalatha

സെക്ഷൻ ഓഫീസർ